(എഫ്) 17-1-2000-ത്തിൽ ഹൈക്കോടതി വിധി ലംഘിക്കുകയും പോലീസിനെ ആക്രമിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തിട്ടുണ്ടോ ; പ്രതികൾക്കെതിരെ ലഘുവായ കുറ്റങ്ങൾക്ക് കേസ് എടുത്ത് പോലീസ് ജാമ്യത്തിൽ വിടാനായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ഇതിനെതിരെ എന്തു നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) എച്ച്. സി-3618, 4538, പി.സി. 3311, 4875, എ.ആർ.എച്ച്.സി. 4383 എസ്.എ.പി.പി.സി. 8132, 8076, 8051, 8060, 8030, 8068 എന്നീ 11 പോലീസുകാർക്ക് പരിക്കുപറ്റി.

(സി) ഇല്ല.

(ഡി) 17-1-2000-ലെ സംഭവത്തോടനുബന്ധിച്ച് ഗോപുകൃഷ്ണൻ, മുരളീധരൻപിള്ള സുചിമോൻ, സന്തോഷ് കുമാർ രാജേഷ് ബാബു, ഇല്ലിയാസ്, ശ്രീജിത്ത്, രാജേഷ്, വിനോദ്, സന്തോഷ് എന്നീ 10 എസ്.എഫ്.ഐ.ക്കാരെ അറസ്റ്റുചെയ്തിട്ടുണ്ട്.

(ഇ-ജി) ഐ.പി.സി 143, 147, 148, 332, 353, 323, 324, 149, 158 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്. ജാമ്യമനുവദിക്കുന്നത് സംബന്ധിച്ച് നിയമാനുസൃത നടപടിയാണ് പോലീസ് എടുത്തിട്ടുള്ളത്.

പോലീസുകാരുടെ നിയമനം

96 (97) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി എത്ര പോലീസുകാരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ വനിതാ പോലീസുകാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഈ നിയമന നടപടികൾ ഏതുവരെയായെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) 31-12-1999 വരെ 1066 പോലീസുകാരുടെ ഒഴിവുകളുള്ളതായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 902 വനിതാപോലീസുകാരുടെ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ശുപാർശ ചെയ്യുന്ന മുറയ്ക്ക് പോലീസുകാരെ നിയമിച്ചുവരുന്നു. വനിതാപോലീസുകാരുടെ തെരഞ്ഞെടുപ്പ് നടപടികൾ പബ്ലിക് സർവ്വീസ് കമ്മീഷൻ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly